# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 101 — 13/12/2012 ൽ മറുപടിക്ക്

## ഉച്ചഭക്ഷണം നൽകിയതിലെ കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ:<br>ശ്രീ. മുല്ലക്കര രത്നാകരൻ:<br>ശ്രീ. ചിറ്റയം ഗോപകുമാർ:<br>ശ്രീ. കെ.രാജു: | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകിയ വകയിൽ സ്കൂളുകൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ മൊത്തം എത്ര കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | നൽകാനുണ്ട്. കുടിശ്ശികയിനത്തിൽ ആകെ 12,23,57,238/- രൂപയാണ് നൽകാനുള്ളത്. |
| ബി) | സ്കൂളുകൾക്ക് നൽകാനുള്ള കുടിശ്ശിക ഓരോ അദ്ധ്യയന വർഷത്തിലും എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | 2011-12 അദ്ധ്യയന വർഷത്തിൽ മാർച്ച് മാസത്തിൽ താഴെ വിവരിക്കും പ്രകാരമുള്ള കുടിശ്ശികയാണ് സ്കൂളുകൾക്ക് നൽകാനുള്ളത്.<br>കണ്ടിജന്റ് ചാർജ്: 5,69,08,427/-<br>പാൽ വിതരണം : 59,04,996/-<br>മുട്ട വിതരണം : 5,95,43,815/- |
| സി) | ഇത്തരത്തിൽ വർദ്ധിച്ചു വരുന്ന കുടിശ്ശിക ഉച്ചഭക്ഷണ പദ്ധതിയുടെ അന്ത്യം കുറിച്ചുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഫണ്ടിലേക്ക് ഇതിനാവശ്യമായ തുക അനുവദിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുമോ; | ഡി) | ഇല്ല. 2012-13 വർഷത്തിൽ പദ്ധതിക്കായി 235 കോടി രൂപ ബഡ്ജറ്റ് വിഹിതമായി നൽകിയിട്ടുണ്ട്. ഈ വർഷം ആവശ്യമായി വരുന്ന അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ